LIBRARY ARCHIVES Kerala Legislative Assembly

ചേലക്കര ബൈപ്പാസ് നിർമ്മാണം

269 (1303) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) നിരന്തരം ജീവഹാനി ഉൾപ്പെടെയുള്ള അപകടങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ. (സാധാ) നമ്പർ 1045/2009/പൊ.മ.വ പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പുതുക്കിയ റേറ്റ് ഷെഡ്യൂൾ അനുസരിച്ച് 2,500 ലക്ഷം രൂപ പണിക്ക് ആവശ്യമായി വരുന്നതിനാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിലെ ഗ്രാമീണ റോഡുകളുടെ നവീകരണം

270 (1304) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ ഏതെല്ലാം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?